ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓരോ പദ്ധതികളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

പൊന്മുടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ നവീകരണം

354(2823) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ പൊൻമുടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് പൊൻമുടിയിൽ പുതുതായി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരികൾക്കായി ഏതെല്ലാം സൗകര്യങ്ങളാണ് പൊൻമുടിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നടപടികൾ ഏതുഘട്ടം വരെയായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊന്മുടി ഗസ്റ്റ് ഹൗസിലെ 'ബി' ബ്ലോക്കിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 44,00,000 (നാല്പത്തിനാല് ലക്ഷം) രൂപയും സ്ട്രക്ചറൽ റീഹാബിലിറ്റേഷൻ വർക്കുകൾക്കായി 36,60,000 (മുപ്പത്തിയാറ് ലക്ഷത്തി അറുപതിനായിരം) രൂപയും പൊന്മുടി ഗസ്റ്റ് ഹൗസിലെ എ, ബി ബ്ലോക്കുകളിൽ വാട്ടർ ഹീറ്ററുകൾ ഘടിപ്പിക്കുന്നതിനായി 98,000 (തൊണ്ണൂറ്റിയെണ്ണായിരം) രൂപയും പൊന്മുടി ടൂറിസം കോംപ്ലക്സിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി 5,55,63,984 (അഞ്ച് കോടി അമ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി-ഡി) വിനോദസഞ്ചാരികൾക്ക് താമസവും ഭക്ഷണവും ഒരുക്കുന്നതിന് സർക്കാർ ഗസ്റ്റ് ഹൗസ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം കോംപ്ലക്സിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പൊന്മുടിയുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ടാറ്റ കൺസൾട്ടൻസി സർവ്വീസസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES.Kerala Legislative Assembly